


നാളികേര വികസന ബോർഡിന്റെ നേതൃത്വത്തിൽ കോഴിക്കോട്ട് നടത്തിയ നാളികേര പ്രോസസിങ് മേഖലയ്ക്കായുള്ള നിക്ഷേപക സംഗമത്തിൽ നാളികേര വികസന ബോർഡ് ചെയർമാൻ ടി.കെ. ജോസ് പ്രസംഗിക്കുന്നു. സുഗത ഘോഷ്, ടി.പി. തോമസ് കുട്ടി, മനയത്ത് ചന്ദ്രൻ, അലോക്ക് കുമാർ സാബു, എം. ശ്രീരാം തുടങ്ങിയവർ സമീപം. ചിത്രം: മനോരമ

# തെങ്ങുകൾ നീര ഉൽപാദിപ്പിക്കാൻ നൽകിയാൽ വൻലാഭം നേടാം

## ● നിർദേശം നാളികേര നിക്ഷേപക സംഗമത്തിൽ

കോഴിക്കോട് ● അബ്കാരി ആക്ടിലെ ഒരു വാചകം നീക്കം ചെയ്താൽ നാളികേര അധിഷ്ഠിത ഉൽപന്നങ്ങളുടെ വിപണനത്തിൽ വിപ്ലവകരമായ കുതിച്ചുകയറ്റമുണ്ടാക്കാൻ കഴിയുമെന്നു നാളികേര വികസന ബോർഡ് ചെയർമാൻ ടി.കെ. ജോസ്.

കൃഷിവകുപ്പും കേരള കാർഷിക സർവകലാശാലയും നാളികേര വികസന ബോർഡും ചേർന്നു സംഘടിപ്പിച്ച നാളികേര സംസ്കരണ മേഖലയിലേക്കുള്ള നിക്ഷേപസംഗമത്തിൽ അധ്യക്ഷപ്രസംഗം നടത്തുകയായിരുന്നു ടി.കെ. ജോസ്.

തെങ്ങ് ചെത്തിയെടുക്കുന്ന നീരപാനീയത്തിനു മാർക്കറ്റിൽ വൻ താൽപര്യം ഉണ്ടാക്കാൻ കഴിയുമെന്നിരിക്കെ തെങ്ങ് ചെത്താനുള്ള ലൈസൻസ് കള്ളുഷാപ്പ് കോൺട്രാക്ടർമാർക്കു മാത്രമാണ് അബ്കാരി ആക്ട് പ്രകാരം നൽകിയിരിക്കുന്നത്. എന്നാൽ, 18 കോടി തെങ്ങുകളുള്ള കേരളത്തിൽ ചെറിയൊരു ശതമാനം തെങ്ങുകൾ സഹകരണസംഘങ്ങൾക്കു നീര ഉൽപാദിപ്പിക്കാൻ നൽകിയാൽ 10,000 കോടി രൂപയുടെ അധിക വരുമാനം നേടാം. ആക്ട് ഭേദഗതി ചെയ്യാൻ ഒന്നര വർഷമായി സമ്മർദം ചെലുത്തുകയാണ്. എക്സൈസ് വകുപ്പിനു കീഴിൽ ഇതേക്കുറിച്ചു പഠിക്കാൻ സമിതി രൂപീകരിച്ചിട്ടുണ്ടെന്നും അനുകൂല തീരുമാനമുണ്ടാകുമെന്നാണു പ്രതീക്ഷയെന്നും അദ്ദേഹം പറഞ്ഞു.

സംസ്ഥാനത്തു പുതുതായി വച്ചുപിടിപ്പിക്കുന്ന തെങ്ങിൽ നാലിലൊന്നെങ്കിലും കരിക്ക് ഉൽപാദിക്കാൻ മാത്രമാകണം. അൽസ്ഹൈമേഴ്സ് രോഗം നിയന്ത്രിക്കാൻ കേരളത്തിൽനിന്നുള്ള വെർജിൻ വെളിച്ചെണ്ണയാണു യുഎസിലെ പല ഡോക്ടർമാരും ശുപാർശ ചെയ്യുന്നത്. കൊഴുപ്പും പഞ്ചസാരയും കുറഞ്ഞ ഐസ്ക്രീം ഉൽപാദിപ്പിക്കാൻ തേങ്ങാപ്പാലിനെ ആശ്രയിക്കുന്ന ഒട്ടേറെ വിദേശ കമ്പനികളുണ്ട്. നാളികേരത്തിന്റെ ഇത്തരം വിദേശ വിപണന സാധ്യതകൾ കണ്ടെത്താൻ കഴിയണം. നാളികേര വികസനത്തിനായി കഴിഞ്ഞ വർഷത്തിനിടെ 200 സംരംഭങ്ങളാണ് ഉണ്ടായത്. ഇനി ഒരോ വർഷവും 200 പുതിയ സംരംഭങ്ങളെന്ന ലക്ഷ്യമാണുള്ളതെന്നും ടി.കെ. ജോസ് പറഞ്ഞു.

രാജ്യത്തെ ആദ്യ നാളികേര ബയോപാർക്ക് ഒരു വർഷത്തിനുള്ളിൽ കുറ്റ്യാടിയിൽ പ്രവർത്തനം ആരംഭിക്കും. ഇതിനായി 135 ഏക്കർ സ്ഥലം ഏറ്റെടുത്തു കഴിഞ്ഞു. നാളികേര മൂല്യവർധിത ഉൽപന്നങ്ങളും തെങ്ങിൻതടി കൊണ്ടുള്ള ഫർണിച്ചറും ഇവിടെ ഉൽപാദിപ്പിക്കും. കേരള വ്യവസായ വികസന കോർപറേഷൻ എക്സിക്യൂട്ടീവ് ഡയറക്ടർ പി.പി. തോമസ്കുട്ടി, നാളികേര വികസന ബോർഡ് ഡയറക്ടർ കെ. മുരളീധരൻ, മാർക്കറ്റിങ് ഓഫിസർ ദീപ്തി നായർ, ടെക്നിക്കൽ ഓഫിസർ മൃദുല നായർ, പി.വി. ബാലചന്ദ്രൻ, കെ. മാധവൻ, മനയത്ത് ചന്ദ്രൻ, അലോക് കുമാർ സാബു തുടങ്ങിയവർ പ്രസംഗിച്ചു.